**പതിമൂന്നാം കേരളനിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1997 | 17.03.2015 ന് മറുപടിയ്ക്ക്.

**<u>വന്യജീവി സങ്കേതങ്ങളുടെ അതിർത്തി പ്രദേശങ്ങളിൽ കരിങ്കൽ ഭിത്തി കെട്ടുന്നത്</u>**

<u>ചോദ്യം</u>

ശ്രീ.സണ്ണി ജോസഫ്

<u>ഉത്തരം</u>

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി)

(എ) ആറളം കൊട്ടിയൂർ വന്യജീവി സങ്കേതങ്ങളുടെ സമീപത്ത് താമസിക്കുന്ന പൊതുജനങ്ങളുടെ സ്വത്തിനും ജീവനും വന്യജീവികളുടെ ആക്രമണങ്ങളിൽ പരിക്കുകളും, നാശനഷ്ടങ്ങളും സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(എ) ഉണ്ട്. ആറളം വന്യജീവി സങ്കേതത്തിന്റെ സമീപ ഗ്രാമങ്ങളിലെ വന്യജീവിശല്യം നിയന്ത്രിക്കുന്നതിനായി വന്യജീവി സങ്കേതത്തിന്റെ പടിഞ്ഞാറ് അതിർത്തി ഭാഗത്ത് മുൻപുതന്നെ നിർമ്മിച്ചിട്ടുള്ള 5 കി.മീ. കരിങ്കൽ ഭിത്തിക്ക് പുറമേ ബാക്കിയുള്ള 6 ½ കി.മീ. അതിർത്തിയിൽ 3 ½ കി.മീ. ഭാഗത്ത് ആനപ്രതിരോധ കിടങ്ങിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി വരുന്നുണ്ട്. അവശേഷിക്കുന്ന 3 കി.മീ. ഭാഗത്ത് ട്രൈബൽ ഡിപ്പാർട്ട്മെന്റ് ഫണ്ട് ഉപയോഗിച്ച് വനം വകുപ്പ് സ്റ്റീൽ/റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിനായി 3 കോടി രൂപയുടെ പ്രോജക്ടിന് അംഗീകാരം നല്കിയിട്ടുണ്ട്. തെക്ക് ഭാഗത്തുള്ള വളയംചാൽ മുതൽ ശാന്തിഗിരി വരെയുള്ള അതിർത്തിയിൽ നിലവിലെ പവർ ഫെൻസിംഗ്, യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിച്ചു വരുന്നുണ്ട്. കൂടാതെ കൊട്ടിയൂർ തളിപ്പറമ്പ് റെയിഞ്ചുകളുടെ പരിധിയിൽ വരുന്ന വിവിധ പഞ്ചായത്തുകളിലെ വനാതിർത്തിയോട് ചേർന്ന് സൗരോർജ്ജ കമ്പിവേലി നിർമ്മിക്കുന്നതിനായി 13.11.2013-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.103/2013/വനം പ്രകാരം കൊട്ടിയൂർ ഗ്രാമപഞ്ചായത്തിൽ 12 കി.മീറ്ററും, അയ്യൻകുന്ന് ഗ്രാമ പഞ്ചായത്തിൽ 10 കി.മീറ്ററും, കേളകം ഗ്രാമപഞ്ചായത്തിൽ 2 കി.മീറ്ററും സൗരോർജ്ജ കമ്പിവേലി നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ബി) വന്യജീവി സങ്കേതങ്ങളുടെ അതിർത്തി പ്രദേശങ്ങളിൽ കരിങ്കൽ ഭിത്തി കെട്ടി വന്യജീവി ശല്യം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനായി 2014-15 വർഷത്തിൽ ബഡ്ജറ്റ് പ്രസംഗത്തിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; ആയത് പ്രകാരം നടപ്പു സാമ്പത്തിക വർഷത്തിൽ എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; ഇതിനായി ചെലവഴിച്ച തുക എത്ര; പ്രസ്തുത പ്രശ്ന

(ബി) വന്യജീവി സങ്കേതങ്ങളുൾപ്പെടെയുള്ള സംരക്ഷിത വനങ്ങളുടെ 692 കി.മീ. ദൈർഘ്യമുള്ള അതിർത്തികളിൽ വന്യജീവിശല്യം നിയന്ത്രിക്കുന്നതിനുള്ള പ്രതിരോധ നടപടികൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള കൃഷിരക്ഷാ പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലായി 259.81 കോടി രൂപ ചെലവഴിക്കുന്നതിനാണ് ജി.ഒ (എം.എസ്) നം.73/2014/വനം 28.08.2014 ഉത്തരവ് പ്രകാരം

| | |
|---|---|
| പരിഹാരത്തിന് ആവശ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിനും അതിലേക്ക് പണം കണ്ടെത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ? | ഭരണാനുമതി നൽകിയിട്ടുള്ളത്. 13 ജില്ലകളിലായി 340 കി.മീ. കല്ലുപാകിയ കിടങ്ങുകൾ, 137 കി.മീ. കരിങ്കൽ ഭിത്തി, 61 കി.മീ റെയിൽ ഫെൻസിംഗ്, 46 കി.മീ ജൈവ വേലി, 106 കി.മീ സൗരോർജ്ജവേലി എന്നിവ നിർമ്മിക്കുന്നതിനും 5 റാപ്പിഡ് റെസ്പോൺസ് ടീമുകൾ കൂടി അധികമായി സ്ഥാപിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2014-15 ബജറ്റിൽ, വന്യജീവി ശല്യം തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 14 കോടി രൂപ വകയിരുത്തുകയും ഇതുവരെ 7.25 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഭരണാനുമതി ലഭിച്ചിട്ടുള്ള ബൃഹദ് ബദ്ധതി 2015-16 സാമ്പത്തിക വർഷത്തോടെ ധനലഭ്യതയ്ക്ക് വിധേയമായി പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.